# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## പാലക്കാട്

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 45/17, ചൊവ്വാഴ്ച തീയ്യതി 07.11.2017

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 08.11.2017 | 09.11.2017 | 10.11.2017 | 11.11.2017 | 12.11.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 13 | 7 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ടs) | 7 | 6 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 90 | 90 | 90 | 90 | 90 |

കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു | മുണ്ടകൻ കൃഷി ആരംഭിച്ച നെൽപ്പാടങ്ങളിൽ ഈ പ്രത്യേക കാലാവസ്ഥയിൽ ഓലചുരുട്ടിപ്പുഴുവിന്റെയും തണ്ടുതുരപ്പൻ പുഴുവിന്റെയും ആക്രമണം കാണാനിടയുണ്ട്. ഇതിന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ കാർഡ് ഓരോന്ന് 10 ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. ആക്രമണം അധികമായാൽ ഫ്‌ളുബെൻഡയാമിഡ് (ഫെയിം) 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി ചേർത്ത് തളിക്കുക. |
| | പുള്ളികുത്ത് രോഗം, ബ്ലാസ്റ്റ് രോഗം | പുള്ളികുത്ത് രോഗം, ബ്ലാസ്റ്റ് രോഗം എന്നിവക്കെതിരായി നേറ്റിവൊ 4 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ നന്നായി കലക്കി ചേർത്ത് തളിക്കുക. |
| വാഴ | ഇലത്തീനിപ്പുഴു | വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്‌ളുബെന്റാമിഡ് (ഫെയിം) 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (പടവലം) | ആമവണ്ട് | പച്ചക്കറികളിൽ ആമവണ്ടിന്റെ ആക്രമണം കണ്ടാൽ 2 മില്ലി ക്യുനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ശ്വാസതടസമോ, പനിയോ, മുടന്തലോ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി വൈദ്യസഹായം തേടുക. തൊഴുത്തിലും ചുറ്റുപാടും കൊതുകുകളും എലികളും പെറ്റുപെരുകുന്നത് തടയുക. (CAADECS, KVASU, Mannuthy) | |